പാലക്കാട്
web: www.thurannakathu.com

11
തിങ്കൾ
ഫെബ്രുവരി 2019
1194 മകരം 28

തുറന്നകത്ത്

നിഷ്പക്ഷതയുടെ സാക്ഷ്യപത്രം

ഫോൺ: 0491-2501984, 2527777, 9447178984,9447078984. E-mail:tkdpkd@gmail.com, : thurannakathu palakkad P.B. No: 58

Estd: 1984 ● 'Registered': No.PGT/049/2018-2020 ● പുസ്തകം 34 ● ലക്കം 49 ● Member News Papers Association Of India ● RNI. Reg. No: 36217/84 ● വില 3 രൂപ ● പേജ് 4

Abdul Razack
+91 9037180405
പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ ബിരിയാണി സെന്റർ
NMR
BIRIYANI HOUSE
ഗുണമേന്മയുള്ള ബിരിയാണി രുചിയേറും സ്വാദോടെ മിതമായ നിരക്കിൽ
FAMILY RESTAURANT
Near Stadium Bus Stand, Palakkad
Ph: 04912 544044, 09037 544044
www.nmrbiriyani.com

കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മീഷൻ അദാലത്ത്

വനിത കമ്മീഷൻ അദാലത്ത് നടത്തി

പാലക്കാട്: കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മീഷൻ അദാലത്തിൽ 76 പരാതികൾ പരിഗണനയ്ക്ക് വന്നു. എന്നാൽ ഇരുകക്ഷികളും വന്ന ഫയലുകൾ വളരെ കുറവായതിനാൽ തീർപ്പാക്കുന്ന പരാതികളുടെ എണ്ണം കുറവായിരിക്കുമെന്നാണ് റിപ്പോർട്ടുകൾ. വനിതാ കമ്മീഷൻ ചെയർപേഴ്സൺ എം സി ജോസഫൈൻ, മെമ്പർമാരായ ഇ എം രാധ, അഡ്വ ഷിജി ശിവജി, ഡയറക്ടർ വി യു കുര്യാക്കോസ് എസ് പി, വനിതാ സെൽ എസ് ഐ അനില കുമാരി എന്നിവരും മൂന്ന് അഡ്വക്കറ്റുമാരുമാണ് അദാലത്തിൽ പങ്കെടുത്തത്.

മൂന്നാം സീറ്റ് ചോദിക്കും; അതിലുമേറെ സീറ്റുകൾ ദേശീയ തലത്തിൽ നേടുമെന്ന് മുസ്ലീം ലീഗ്

തിരു: ഫെബ്രുവരി 18നു ചേരുന്ന യുഡിഎഫ് ഉഭയകക്ഷി കൂടിക്കാഴ്ചകളിൽ മൂന്നാം സീറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമെന്ന് മുസ്ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.എ.മജീദ്. എന്നാൽ രണ്ടും മൂന്നുമല്ല, ദേശീയതലത്തിൽ അതിനെക്കാൾ കൂടുതൽ സീറ്റുകൾ ലീഗ് നേടുമെന്നായിരുന്നു ദേശീയ ജനറൽ സെക്രട്ടറി പി.കെ.കുഞ്ഞാലിക്കുട്ടിയുടെ പ്രതികരണം. ലീഗ് എംപിമാരുടെയും എംഎൽഎമാരുടെയും യോഗത്തിനു ശേഷം സംസാരിക്കുകയായിരുന്നു ഇരുവരും.

കൂടുതൽ സീറ്റ് വേണമെന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഘടകകക്ഷികൾ മുന്നണിയിൽ ഉന്നയിക്കുന്നത് സ്വാഭാവികമാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ മൂന്നാംസീറ്റ് വേണമെന്ന ആവശ്യം ലീഗിന്റെ മുന്നിലുണ്ട്. യുഡിഎഫ് ചർച്ച ചെയ്താൽ പരിഹരിക്കാവുന്ന കാര്യങ്ങളേ ഇപ്പോഴുള്ളുവെന്നും മജീദ് പറഞ്ഞു. ലീഗ് സീറ്റ് ചോദിക്കുന്നതു കൊണ്ട് യുഡിഎഫിൽ പ്രശ്നങ്ങൾക്കു സാധ്യതയില്ല. മൂന്നാംസീറ്റിന്റെ സാധ്യതയും ഗുണദോഷങ്ങളും ചർച്ച ചെയ്ത്, യുഡിഎഫ് ഗുണകരമായി മുന്നോട്ടു പോകാനാവശ്യമായ നിലപാട് സ്വീകരിക്കും. വിജയമാണ് പ്രധാനമെന്നാണ് മുന്നണിക്കകത്തെ പൊതുവികാരം. അതിനു വേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്നും മജീദ് പറഞ്ഞു.

രണ്ടും മൂന്നുമല്ല, ദേശീയതലത്തിൽ അതിനെക്കാൾ കൂടുതൽ സീറ്റുകൾ ലീഗ് നേടുമെന്ന് ദേശീയ ജനറൽ സെക്രട്ടറി പി.കെ.കുഞ്ഞാലിക്കുട്ടി പറഞ്ഞു. യുപിഎ നേടുന്ന സീറ്റുകളിൽ ലീഗിന്റെ പങ്ക് വലുതായിരിക്കും. സ്ഥാനാർഥിനിർണം ഇന്നത്തെ യോഗത്തിൽ ചർച്ച ചെയ്തിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

മൂന്നാം സീറ്റിന് അർഹതയുണ്ടെങ്കിലും യു.ഡി.എഫിന്റെ കെട്ടുറപ്പിനെ ബാധിക്കുന്ന ഒരു തീരുമാനവും ലീഗിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ലെന്ന് പാണക്കാട് ചേർന്ന പാർലമന്ററി പാർട്ടി യോഗത്തിനു ശേഷം നേതാക്കൾ ആവർത്തിച്ചു.

അംബേദ്ക്കർ കോളനിയിൽ ദമ്പതികൾക്ക് വീട് നൽകി സുരേഷ് ഗോപി

പാലക്കാട്: അംബേദ്ക്കർ കോളനിയിൽ ജാതി വിവേചനത്തിന്റെ പേരിൽ ദുരിതത്തിലായ ദമ്പതികൾക്ക് വീട് നിർമിച്ച് നൽകി സുരേഷ് ഗോപി എംപി. കഴിഞ്ഞ വർഷം ജാതി വിവേചനത്തിന്റെ പേരിൽ ദുരിതം അനുഭവിക്കുന്ന കോളനി വാസികളെ കുറിച്ചുള്ള വാർത്ത പുറത്തുവന്നതിന് പിന്നാലെയാണ് സുരേഷ് ഗോപി അവിടം സന്ദർശിച്ചത്. സന്ദർശനത്തിന്റെ ഭാഗമായി കോളനിയിലെ അർഹതപ്പെട്ട ഒരു കുടുംബത്തിന് വീട് വച്ചുനൽകുമെന്ന് അദ്ദേഹം പ്രഖ്യാപിക്കുകയായിരുന്നു.

അംബേദ്കർ കോളനി വാസികളായ വീരൻ, കാളിയമ്മ ദമ്പതികൾക്കാണ് സ്വന്തം പണം ഉപയോഗിച്ച് സുരേഷ് ഗോപി വീട് വച്ചുനൽകിയത്. രണ്ട് മുറിയും ഹാളും അടുക്കളയും ചേർന്നതാണ് വീട്. വാഗ്ദാനങ്ങൾ പാലിക്കാനുള്ളതാണ് എന്ന തലക്കെട്ടോടെ താക്കോൽ ദാനത്തിന്റെ ചിത്രം സുരേഷ് ഗോപി തന്നെയാണ് ഫേസ്ബുക്കിൽ പങ്കുവച്ചത്.

എ.കെ ബാലനെതിരെ ആരോപണവുമായി പി.കെ ഫിറോസ്

മലപ്പുറം: മന്ത്രി എ.കെ ബാലനെതിരെ ആരോപണവുമായി യൂത്ത് ലീഗ് ജനറൽ സെക്രട്ടറി പി.കെ ഫിറോസ്. പ്രൈവറ്റ് സെക്രട്ടറിയെ നിയമവിരുദ്ധമായി സ്ഥിരപ്പെടുത്തിയെന്നാണ് ആരോപണം. പ്രൈവറ്റ് സെക്രട്ടറി മണിഭൂഷന് കിർത്താഡ്സിൽ നിയമനം നൽകി. മണിഭൂഷണന്റെ നിയമനം സ്ഥിരപ്പെടുത്തി. മറ്റ് മൂന്ന് പേരെ കൂടി സ്ഥിരപ്പെടുത്തിയെന്നും ഇവരിൽ ആർക്കും വിദ്യാഭ്യാസ യോഗ്യതയില്ലെന്നും ഫിറോസ് ചൂണ്ടിക്കാട്ടി. നിയമനം റദ്ദാക്കണമെന്നും നിയമലംഘനം നടത്തിയവർക്കെതിരെ കർശന നടപടിയെടുക്കണമെന്നും ഫിറോസ് ആവശ്യപ്പെട്ടു.

വാഹനാപകടത്തിൽ മൂന്നു മരണം

കണ്ണൂർ: കണ്ണൂർ വാരം ചതുര കിണറിനടുത്ത് വാഹനങ്ങൾ തമ്മിൽ കൂട്ടിയിടിച്ച് മൂന്ന് മരണം. ബൈക്ക് യാത്രികരായ അർജുൻ(19) ആകാശ് (19), ഓട്ടോ ടാക്സി ഡ്രൈവർ ഇരിട്ടി സ്വദേശി പ്രകാശൻ (58)എന്നിവരാണ് മരിച്ചത്. ഇന്നലെ അർധരാത്രിയോടെയായിരുന്നു അപകടം. മറ്റൊരു യാത്രക്കാരനെ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പാലക്കാട്ട് ബിജെപി കരുനീക്കം ശക്തം

ഞെട്ടുമോ കോൺഗ്രസ് ?

പാലക്കാട്: പാർലമെന്റ് തെരഞ്ഞെടുപ്പിൽ പാലക്കാട് മണ്ഡലത്തിൽ കോൺഗ്രസ്സിനെ ഞെട്ടിക്കാൻ തയ്യാറെടുക്കുകയാണ് ബിജെപിയെന്ന് സൂചന. കോൺഗ്രസ്സിലെ ഒരു മുൻ എംഎൽഎയെ ബിജെപി സ്ഥാനാർത്ഥിയാക്കാനുള്ള നീക്കങ്ങളാണ് അണിയറയിൽ നടക്കുന്നത്.

ബിജെപി മുനിസിപ്പൽ വൈസ് ചെയർമാനും പാർട്ടി സംസ്ഥാന സെക്രട്ടറിയുമായ സി കൃഷ്ണകുമാറിന്റെയും പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി ശോഭ സുരേന്ദ്രന്റെയും പേരുകളാണ് ഇപ്പോൾ മണ്ഡലത്തിൽ പറഞ്ഞു കേൾക്കുന്നത്.

എന്നാൽ കോൺഗ്രസ്സിലെ ഒരു മുൻ എംഎൽഎയെ പാലക്കാട്ട് സ്ഥാനാർത്ഥിയാക്കാൻ ബിജെപിയിലെ ഒരു നേതാവ് ശ്രമം തുടങ്ങിയതായി വാർത്തകളുണ്ട്. ഇതിനായി കോൺഗ്രസ്സിലെ മുൻ എംഎൽഎയുമായി പാലക്കാട്ടെ രണ്ട് ബിജെപി നേതാക്കൾ പലതവണ ബന്ധപ്പെട്ടുകഴിഞ്ഞതായാണ് വിവരം. കോൺഗ്രസ്സിൽ കരുത്ത് തെളിയിച്ച മുൻ എംഎൽഎയെ പാലക്കാട്ട് മത്സരിപ്പിച്ചാൽ കോൺഗ്രസ്സിലെ തന്നെ വലിയ ഒരു വിഭാഗത്തിന്റെ പിന്തുണകൂടി നേടിയെടുക്കാനാകുമെന്നാണ് ബിജെപി കണക്കുകൂട്ടുന്നത്. എന്നാൽ കോൺഗ്രസ്സ് നേതാവിനെ ബിജെപിയിലേക്ക് കൊണ്ട് വന്ന് സ്ഥാനാർത്ഥിയാക്കുന്നതിൽ പാർട്ടിയിലെ ഒരു വിഭാഗത്തിന് താത്പര്യം കുറവാണ്.

കോൺഗ്രസ് തനിക്ക് ഇപ്പോൾ വേണ്ടത്ര പരിഗണന നൽകുന്നില്ലെന്ന പരാതി കുറച്ച് കാലമായി ഈ മുൻ എംഎൽഎക്കുണ്ട്. പാർട്ടിയുടെ ജില്ലാ നേതൃത്വത്തിൽ സജീവമായിരുന്നപ്പോൾ അണികളെ ഗ്രൂപ്പിസത്തിലുപരി ഒന്നിച്ചു നിർത്തി പാർട്ടിയെ ശക്തമാക്കിയ നേതാവിനെ അനുകൂലിക്കുന്നവർ കോൺഗ്രസ്സിലേറെയാണ്.

എന്നാൽ ബിജെപിയിലേക്ക് വരുന്നതിനെക്കുറിച്ചോ സ്ഥാനാർത്ഥിയാവുന്നതിനെക്കുറിച്ചോ ഒന്നും മുൻ എംഎൽഎ അടുത്തവൃത്തങ്ങളോട് പോലും മനസ്സ് തുറന്നിട്ടില്ലെന്നാണ് വിവരം.

യുഡിഎഫ് സ്ഥാനാർത്ഥിയായി ഡി സി സി പ്രസിഡന്റ് വി കെ ശ്രീകണ്ഠന്റെ പേരാണ് ഇപ്പോൾ പ്രധാനമായും പറഞ്ഞുകേൾക്കുന്നത്. ഇതിൽ വിയോജിക്കുന്നവരും ഏറെയാണെന്നാണ് വിവരം. കോൺഗ്രസ്സിന്റെ മുൻ എംഎൽഎ ബിജെപി സ്ഥാനാർത്ഥിയാകാൻ സമ്മതിച്ചാൽ അത് കോൺഗ്രസ്സിന് വലിയ തിരിച്ചടിയാകും. മാത്രമല്ല, ഇപ്പോഴത്തെ പാർട്ടി നേതൃത്വത്തോട് അതൃപ്തിയുള്ള ഒരു വിഭാഗം മുൻ എംഎൽഎയെ പിന്തുണയ്ക്കുന്നുണ്ട്.

വരും ദിവസങ്ങളിൽ ഇതിന്റെ കൂടുതൽ വ്യക്തമായ ചിത്രങ്ങൾ പുറത്തുവരുമെന്നാണ് ലഭിക്കുന്ന സൂചനകൾ.

വ്യാജഖാദി ഉൽപാദനവും വിപണനവും തടയണം

പാലക്കാട്: കേരളത്തിലെ ഭാരത ഖാദി ഗ്രാമവ്യവസായ കമ്മീഷനും കേരള ഖാദി ഗ്രാമവ്യവസായ ബോർഡും അംഗീകരിച്ച ഖാദി സ്ഥാപനങ്ങളിലും വ്യാജഖാദി ഉൽപാദനവും വിപണനവും നടക്കുന്നതായി സർവ്വോദയസംഘം സ്റ്റാഫ് ആന്റ് ആർട്ടിസാനൻസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി യോഗം ആരോപിച്ചു. കേരള സർക്കാരിൽ നിന്നും ഇൻകംസപ്പോർട്ട് സ്കീം കൈപ്പറ്റുന്ന തൊഴിലാളികളുടെ പകുതി തൊഴിലാളികൾ പോലും ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ല.

ഖാദി സ്ഥാപനങ്ങളുടെ തൊഴിൽ ശാലകളിൽ നെയ്യുകയും, നൂൽക്കുകയും ചെയ്യുന്ന തൊഴിലാളികളുടെ എണ്ണത്തേക്കാൾ കൂടുതൽ തൊഴിലാളികൾ പ്രൊഡക്ഷൻ രജിസ്റ്ററിലുണ്ടെന്നും യോഗം ആരോപിച്ചു. ഖാദിഗ്രാമവ്യവസായ കമ്മീഷന്റെയും ഖാദി ഗ്രാമവ്യവസായ ബോർഡിന്റെയും സർക്കാരിന്റെയും ഭാഗത്തുനിന്ന് സമഗ്രമായ അന്വേഷണം വേണമെന്ന് യോഗം ആവശ്യപ്പെട്ടു.

ഖാദി തൊഴിലാളികൾക്ക് 600 രൂപ മിനിമം കൂലി ഉടൻ നടപ്പിലാക്കണമെന്നും ക്ഷേമനിധി പെൻഷൻ 5000 രൂപയാക്കണമെന്നും വിരമിച്ച ഖാദി ജീവനക്കാർക്ക് സർക്കാർ പെൻഷൻ അനുവദിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. മഹാത്മജിയെ ഹിന്ദു വർഗ്ഗീയവാദികൾ നിന്ദിച്ചതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. ഫെബ്രുവരി 12 ന് ഖാദിവനിതാ സംഗമവും മഹാത്മജി അനുസ്മരണയോഗവും പാലക്കാട് നടത്തുവാൻ തീരുമാനിച്ചു. സംസ്ഥാന പ്രസിഡന്റ് പി പി വിജയകുമാർ അധ്യക്ഷത വഹിച്ചു. പി സുബ്രഹ്മണ്യൻ, എം സംഗീത, പി ശാന്തകുമാരി, സി ആർ സുമലത, കെ പി ലീല, പി കല്യാണി, സി പത്മാവതി, സി ടി ജമീല എന്നിവർ സംസാരിച്ചു.

25 ലക്ഷം രൂപ വിലവരുന്ന വിദേശ കറൻസികൾ പിടികൂടി

കൊച്ചി: നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ 25 ലക്ഷം രൂപ വിലവരുന്ന വിദേശ കറൻസികൾ പിടികൂടി. ടൈഗർ എയർവെയ്സിൽ മലേഷ്യയിലേക്ക് പോകാനെത്തിയ യാത്രക്കാരനിൽ നിന്നാണ് ഇത്രയും വിദേശ കറൻസി പിടികൂടിയത്. തമിഴ്നാട് തിരുപ്പൂർ സ്വദേശിയാണ് ഇയാളെന്ന് സംശയിക്കുന്നുണ്ട്.

കാരാട്ട് റസാഖിന് എംഎൽഎയായി തുടരാം; ഹൈക്കോടതി വിധിക്ക് സുപ്രീംകോടതിയിൽ സ്റ്റേ

ദില്ലി: കൊടുവള്ളി എം എൽ എ കാരാട്ട് റസാഖിന് എം എൽ എ ആയി തുടരാമെന്ന് സുപ്രീംകോടതി. കാരാട്ട് റസാഖിന്റെ തെരഞ്ഞെടുപ്പ് റദ്ദാക്കിയ ഹൈക്കോടതി വിധി സുപ്രീംകോടതി സ്റ്റേ ചെയ്യുകയായിരുന്നു.

എന്നാൽ എം എൽ എ എന്ന നിലയിൽ വോട്ടു ചെയ്യാനും ആനുകൂല്യങ്ങൾ കൈപ്പറ്റാനുമാകില്ലെന്നും കോടതി വ്യക്തമാക്കി. വോട്ടർമാരായ കെ പി മുഹമ്മദും മൊയ്തീൻ കുഞ്ഞും നൽകിയ ഹർജിയിലായിരുന്നു കൊടുവള്ളി മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് കേരള ഹൈക്കോടതി റദ്ദാക്കിയത്

പുസ്തകചർച്ചയും അനുമോദനവും

പാലക്കാട്: വരമൊഴി സാഹിത്യകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടന്ന അഞ്ചാമത് പുസ്തകചർച്ച മനോജ് വീട്ടിക്കാട് ഉദ്ഘാടനം ചെയ്തു. എം എൻ ലതാദേവി രചിച്ച നീതുവിന്റെ ചില നേരമ്പോക്കുകൾ എന്ന കഥാസമാഹാരമാണ് ചർച്ച ചെയ്തത്. മോഹൻദാസ് ശ്രീകൃഷ്ണപുരം, എസ് വി അയ്യർ, രമേഷ് മങ്കര, ദേവിപ്രസാദ് പീടിയേക്കൽ, സംഗീത കൊളത്തൂർ, ഇന്ദുമാരാത്ത്, രവീന്ദ്രൻ മലയങ്കാവ്, ഉണ്ണി വിശ്വനാഥ്, ശിവപ്രസാദ് വാനൂർ, ബിന്ദു പ്രതാപ് തുടങ്ങിയവർ സംസാരിച്ചു. സിറാജ് കൊടുവായൂർ മോഡറേറ്ററായിരുന്നു. ചലച്ചിത്രഗാന രചയിതാവ് ഭാഗ്യരാജിനെ ചടങ്ങിൽ ആദരിച്ചു. ചലച്ചിത്ര സംവിധായകൻ സുജിത് ദാസ് ഭാഗ്യരാജിന് വരമൊഴിയുടെ മൊമന്റോ കൈമാറി. ഭാഗ്യരാജ്, എം എൻ ലതാദേവി എന്നിവർ മറുമൊഴി പറഞ്ഞു.

തെരുവുവിളക്കുകൾ പ്രകാശിപ്പിക്കണം

പാലക്കാട്: എലപ്പുള്ളി ഇന്ദിരാനഗർ പേട്ട മുതൽ പണ്ടാരകാവ് വരെയും പാണ്ടാരക്കാവ് പാണത്തറ ഹരിജൻ കോളനിയിലും തെരുവുവിളക്കുകൾ കത്തുന്നില്ലെന്ന് പരാതി. ഇതുമൂലം മോഷ്ടാക്കളുടെ ശല്യവും വർധിച്ചിട്ടുണ്ട്. തെരുവുവിളക്കുകൾ പ്രകാശിപ്പിക്കാൻ ഉടൻ നടപടി സ്വീകരിക്കണമെന്ന് എലപ്പുള്ളി പഞ്ചായത്ത് ശ്രീനാരായണ ഗുരുധർമ്മ സഭ ആവശ്യപ്പെട്ടു.

ശിശുചികിത്സാ കേന്ദ്രം പ്രവർത്തനം സജ്ജമാക്കണം

പാലക്കാട്: എലപ്പുള്ളി താലൂക്ക് ആശുപത്രി പത്ത് വർഷം മുമ്പ് നിർമ്മിച്ച ശിശുചികിത്സാ കേന്ദ്രം ഇനിയും പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്നാരോപണം. ആരോഗ്യവകുപ്പിന്റെ അനാസ്ഥ കൊണ്ടാണ് ഇത് ഇപ്പോഴും പ്രവർത്തിക്കാതെ കിടക്കുന്നതെന്നും എലപ്പുള്ളി മണ്ഡലം 19-ാം വാർഡ് കോൺഗ്രസ്കമ്മിറ്റി ആരോപിച്ചു.

ആശുപത്രിയിൽ രോഗികളെ കിടത്തിചികിത്സിക്കുന്നില്ലെന്നും യോഗം കുറ്റപ്പെടുത്തി. ശിശുചികിത്സാ കേന്ദ്രം ഉടൻ പ്രവർത്തനക്ഷമമാക്കണമെന്നും ആശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെട്ടു. കെ കൃഷ്ണാർജ്ജുനൻ അധ്യക്ഷത വഹിച്ചു.

സബ്കലക്ടറെ പിന്തുണച്ച് കാനം

തിരു: മൂന്നാർ പഞ്ചായത്തിന്റെ അനധികൃത നിർമ്മാണത്തിൽ ദേവികുളം സബ്കലക്ടറെ പിന്തുണച്ച് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. നിയമലംഘനമുണ്ടെങ്കിൽ ഉദ്യോഗസ്ഥർ അത് ചൂണ്ടിക്കാണിക്കുന്നതിൽ തെറ്റില്ല. എസ്.രാജേന്ദ്രന്റെ പരാമർശം സി.പിഎം തന്നെ തള്ളി പറഞ്ഞിട്ടുണ്ട്. കലക്ടറുടെ നടപടിയിൽ രാഷ്ട്രീയം കാണേണ്ടതില്ലെന്നും കാനം തിരുവനന്തപുരത്ത് പറഞ്ഞു.

ദേവികുളം സബ്കലക്ടറുടെ നടപടി ശരിയാണെന്ന് റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ. നിയമലംഘനം ആര് നടത്തിയാലും അംഗീകരിക്കാൻ സാധിക്കില്ലെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

വരമൊഴി സാഹിത്യകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടന്ന അഞ്ചാമത് പുസ്തകചർച്ചയോടനുബന്ധിച്ച് ഗാനരചയിതാവ് ഭാഗ്യരാജിനെ ആദരിക്കുന്നു

എല്ലാ വിവാഹ പർച്ചേസുകൾക്കും അഡ്വാൻസ് ബുക്കിംഗ് സൗകര്യം ലഭ്യമാണ്.

6 മാസത്തേക്ക് വരെ മുൻകൂട്ടി ബുക്ക് ചെയ്യാം

അഡ്വാൻസ് കാലാവധി	അടയ്ക്കേണ്ട തുക
10 ദിവസം	10%
20 ദിവസം	20%
30 ദിവസം	30%
40 ദിവസം	40%
50 ദിവസം	50%
60 ദിവസം	60%

KALYAN
JEWELLERS

ബുക്ക് ചെയ്യുന്ന ദിവസത്തെ സ്വർണ്ണവിലയോ, ആഭരണം വാങ്ങുന്ന ദിവസത്തെ സ്വർണ്ണവിലയോ, ഏതാണോ കുറവ് ആ വിലയ്ക്ക് ആഭരണങ്ങൾ സ്വന്തമാക്കാം.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കൂ
9446898850 (G.B. ROAD, PALAKKAD)

117 BRANCHES SPREAD ACROSS INDIA AND MIDDLE EAST | SHOP ONLINE AT WWW.KALYANJEWELLERSONLINE.COM
OPEN ON ALL SUNDAYS | FOLLOW US ON TOLL FREE - 1800 425 7333